**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1524 22/03/2013-ൽ മറുപടിയ്ക്ക്

## 'വീട്ടിൽ ഒരു മാവ്' പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | | **കെ.പി.മോഹനൻ** (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) 'വീട്ടിൽ ഒരുമാവ്' പദ്ധതി പ്രകാരം കൊല്ലം നിയോജക മണ്ഡലത്തിലെ തൃക്കടവൂർ ഗ്രാമ പഞ്ചായത്തിനെ തെരഞ്ഞെടുത്തിരുന്നു-വെങ്കിലും ഇതുവരെ പ്രസ്തുത പദ്ധതി തുടങ്ങിയില്ല. ഇതിനുണ്ടായ കാലതാമസം എന്താണെന്ന് വിശദമാക്കുമോ; | എ) | മാവിന്റെ വിളവിസ്തൃതി വ്യാപനം എന്ന ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ ഘടകം 'ഒരു വീട്ടിൽ ഒരു മാവ്' എന്ന പേരിലാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതി പ്രകാരം ഒരു പഞ്ചായത്തിനെ ഒരു ക്ലസ്റ്ററായി കണക്കാക്കി അവിടുത്തെ എല്ലാ വീടുകൾക്കും അത്യുത്പാദന ശേഷിയുള്ള നല്ലയിനം ഒട്ടുമാവിൻ തൈകൾ നൽകുന്നു. ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം മാവിന്റെ വിളവിസ്തൃതി വ്യാപനം എന്ന ഘടകത്തിന് ലഭിച്ചിരിക്കുന്ന ഭൗതികലക്ഷ്യം തീരെ കുറവായതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ വടക്കൻ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 67 നിയോജക മണ്ഡലങ്ങളിലെ ഓരോ പഞ്ചായത്തുകൾ വീതമാണ് പദ്ധതി നടപ്പിലാക്കുവാനായി തിരഞ്ഞെടുത്തത്. ആയതിനാ- ലാണ് കൊല്ലം നിയോജക മണ്ഡലത്തിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തിനെ പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുവാൻ കഴിയാഞ്ഞത്. |
| ബി) | പ്രസ്തുത പദ്ധതി എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കുമോ? | ബി) | 2013-14 സാമ്പത്തിക വർഷത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ വാർഷിക കർമ്മപദ്ധതിയിൽ മാവിന്റെ വിളവിസ്തൃതി വ്യാപനം എന്ന ഘടകത്തിന് കൂടുതൽ ഭൗതിക ലക്ഷ്യം ആവശ്യപ്പെടുന്നതാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന നിയോജകമണ്ഡലങ്ങളിലെ പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**